**2010, ഖുത്ബ നമ്പര്‍-52**

بسم الله الرحمن الرحيم

**24.12.2010**
*ബൈതുല്‍ ഫുതൂഹ്*
**ലണ്ടന്‍**

# ദൈവ കാരുണ്യത്തെ തൊട്ട് നിരാശരാകരുത്. ദുആ ചെയ്തു കൊണ്ടിരിക്കുക.

وَاِذَا سَاَلَكَ عِبَادِیْ عَنِّیْ فَاِنِّیْ قَرِیْبٌ ؕ اُجِیْبُ دَعْوَةَ الدَّاعِ
اِذَا دَعَانِ فَلْیَسْتَجِیْبُوْا لِیْ وَلْیُؤْمِنُوْا بِیْ لَعَلَّهُمْ یَرْشُدُوْنَ ﴿۱۸۷﴾

اِنْ شَآءَاللّٰهُ രണ്ട് ദിവസത്തിനു ശേഷം ഡിസംബര്‍ 26 മുതല്‍ ഖാദിയാനില്‍ ജല്‍സയാ സാലാനക്ക് സമാരംഭം കുറിക്കുകയാണ്. *അല്ലാഹു തആല ഈ ജല്‍സയെ എല്ലാ നിലക്കും അനുഗ്രഹീതമാക്കി മാറ്റട്ടെ.* ഇന്ത്യാപാക് വിഭജനത്തിനുശേഷം ഖാദിയാനില്‍ നടക്കുന്ന ജല്‍സാ സാലാനയില്‍ 1947 ന് മുമ്പുള്ള വ്യാപനം ഉണ്ടായിരുന്നില്ല. എന്നാല്‍ ഈ അടുത്ത രണ്ട് പതിറ്റാണ്ടുകാലമായി ഈ ജല്‍സയും അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ വളരെയധികം വ്യാപുല്യം കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നു. 1991 ല്‍ ഖലീഫത്തുല്‍ മസീഹ് റാബിഅ് ഖാദിയാന്‍ സന്ദര്‍ശിച്ചു. അതോടെ ജല്‍സയില്‍ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ വര്‍ദ്ധിക്കാന്‍ തുടങ്ങി. 2005 ല്‍ ഞാന്‍ പോയപ്പോഴും അതില്‍ പങ്കെടുത്തവരുടെ എണ്ണം വളരെയധികം വര്‍ദ്ധിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ ഇപ്പോള്‍ ജല്‍സയില്‍ പങ്കെടുക്കുന്നവരുടെ അംഗസംഖ്യ വര്‍ദ്ധിക്കാന്‍ തുടങ്ങി. 2005 ലെ ജല്‍സയിലുള്ള അംഗസംഖ്യ വരെ എത്തുന്നില്ലെങ്കിലും വര്‍ഷം തോറും വര്‍ദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ കുറച്ചു ദിവസമായി ഖാദിയാനില്‍ നിന്നും ജല്‍സയുടെ ഒരുക്കങ്ങളെക്കുറിച്ചും അവിടുത്തെ സംവിധാനങ്ങളെക്കുറിച്ചുമുള്ള റിപ്പോര്‍ട്ടുകള്‍ നോക്കാനുള്ള അവസരം ലഭിക്കുകയുണ്ടായി. ആ റിപ്പോര്‍ട്ടുകള്‍ വായിക്കുമ്പോള്‍ എനിക്ക് റബ്വയിലെ ജല്‍സ നടന്നിരുന്ന ആ അന്തരീക്ഷമാണ് ഓര്‍മ്മയില്‍ വന്നത്. 27 വര്‍ഷം മുമ്പ് വരെ ഈ ദിനങ്ങള്‍ റബ്വയിലേയും പാക്കിസ്ഥാനിലേയും അഹ്മദികളെ സംബന്ധിച്ചെടത്തോളം ആത്മപുളകിതമായ സുദിനങ്ങളായിരുന്നു. റബ്വയില്‍ നാനാഭാഗത്തും ജല്‍സയുടെ ഒരുക്കങ്ങള്‍ നടന്നുകൊണ്ടിരിക്കുകയായിരിക്കും. നാനാഭാഗത്തും ഒരു പ്രത്യേക ആവേശവും ഉണര്‍വും ഓരോ തെരുവിലും ദൃശ്യമായിരുന്നു. റബ്വയിലുള്ള ജമാഅത്തിന്റെ സ്കൂളുകളില്‍ അഫ്സര്‍ ജല്‍സാ സാലാനായുടെ ഓഫീസില്‍ നിന്ന് ഓരോ കുട്ടിക്കും ഡ്യൂട്ടി ശീറ്റ് അയച്ചുകൊടുക്കുകയും കുട്ടികള്‍ എവിടെയാണ് ഡ്യൂട്ടി നല്‍കാന്‍ ആഗ്രഹിക്കുന്നതെന്ന് അതില്‍ പൂരിപ്പിച്ച് തിരിച്ചയക്കുകയും ചെയ്തിരുന്നു. ജല്‍സയുടെ സംഘാടകര്‍ക്ക് ഏതെങ്കിലും സ്ഥലത്ത് പ്രത്യേകമായി ഡ്യൂട്ടിക്കാരെ ആവശ്യമില്ലെന്ന് വന്നാല്‍ പൊതുവില്‍ കുട്ടികളെയും യുവാക്കളേയും ആഗ്രഹമനുസരിച്ചതന്നെ അവര്‍ ഇഷ്ടപ്പെടുന്ന സ്ഥലത്ത് ഡ്യൂട്ടികള്‍ നല്‍കുമായിരുന്നു. ഡ്യൂട്ടി സ്വന്തം ഇഷ്ടപ്രകാരം ലഭിച്ചാലും ജല്‍സയുടെ സംഘാടകര്‍ അവരുടെ ആവശ്യമനുസരിച്ച് എവിടെയെങ്കിലും നിയമിക്കുകയാണെങ്കിലും യുവാക്കളില്‍ ഡ്യൂട്ടി നല്‍കാനുള്ള പ്രത്യേക ആവേശം കാണപ്പെട്ടിരുന്നു. 27 വര്‍ഷത്തിനിടയില്‍ ജനിച്ച തലമുറ ഇപ്പോള്‍ യുവത്വത്തില്‍ പ്രവേശിച്ചിരിക്കുന്നു. അന്ന് യുവാക്കളായിരുന്നവര്‍ അന്‍സാറുല്ലായില്‍ പ്രവേശിച്ചു എന്നു മാത്രമല്ല. 55 വയസ്സിനും മുകളിലുള്ള സഫ്ഫെ അവ്വലില്‍ എത്തിയിരിക്കും. ജല്‍സ നടക്കാത്ത ഈ 27 വര്‍ഷത്തിനിടെ യുവത്വത്തില്‍ എത്തിയ കുട്ടികള്‍ക്ക് ഒരു പക്ഷെ ഡ്യൂട്ടികളെക്കുറിച്ച് ഓര്‍മ്മയുണ്ടായിരിക്കില്ല. അവര്‍ക്ക് ഓര്‍മ്മയുണ്ടാകില്ല. കാരണം അവിടെ ജല്‍സ നടക്കുന്നില്ലല്ലൊ. അതുമല്ലെങ്കില്‍ ജല്‍സയെക്കുറിച്ച് ചര്‍ച്ചകള്‍ നടക്കാത്ത വീട്ടിലെ കുട്ടികള്‍ക്ക് ഇങ്ങനെ ഒരു ജല്‍സ നടക്കാറുണ്ടായിരുന്നു എന്ന ചിന്തപോലും ഉണ്ടായിരിക്കില്ല. റബ്വയില്‍ ഉള്ള ആദ്യകാലവീടുകളില്‍ ജല്‍സയെക്കുറിച്ചുള്ള ചര്‍ച്ചകള്‍ നടക്കുന്നുണ്ടായിരിക്കുമെന്ന് ഞാന്‍ പ്രതീക്ഷിക്കുന്നു. ഇനി ജല്‍സയെക്കുറിച്ച് ചര്‍ച്ചകള്‍ നടക്കുന്നില്ലെങ്കില്‍ ചര്‍ച്ചകള്‍ നടക്കേണ്ടതാണ്. എന്നാല്‍ മാത്രമെ ആ പവിത്രമായ അന്തരീക്ഷവും അതിന്റെ ആവേശവും വരുംതലമുറയില്‍ മായാതെ നിലനില്‍ക്കുകയുള്ളൂ. ഇതെല്ലാം കേട്ട് വരുംതലമുറ വ്യസനിക്കാനല്ല മറിച്ച് അവര്‍ തങ്ങളില്‍ ദൃഢ ചിത്തത കൈവരിക്കുവാന്‍ വേണ്ടിയാണ്. അവര്‍ ഒരിക്കലും നിരാശരാകരുത്. അവരില്‍ ദൃഢനിശ്ചയമാണ് ഉണ്ടായിരിക്കേണ്ടത്. ഈ താത്കാലിക തടസ്സങ്ങള്‍ ഞങ്ങളുടെ ആത്മാക്കളെ മരിപ്പിക്കുകയില്ല. ഇത് ഞങ്ങളെ ഒരിക്കലും തളര്‍ത്തിക്കളയുകയില്ല. ഞങ്ങള്‍ക്ക് അല്ലാഹുവിന്റെ മുമ്പില്‍ കുമ്പിടുന്നതിനും അവനോട് ചോദിക്കുന്നതിനും ഇത് ഒരിക്കലും തടസ്സം സൃഷ്ടിക്കുകയില്ല. ഞങ്ങളുടെ വിശ്വാസത്തേയും നിശ്ചയദാര്‍ഢ്യത്തേയും ഇത് ഒരിക്കലും ഇളക്കിക്കളയുകയില്ല. ഇനി ആ മനോഹര നാളുകള്‍ കാണാന്‍ കഴിയുമോ എന്ന സന്ദേഹമൊന്നും ഞങ്ങള്‍ക്കില്ല. അന്ന് ഓരോരുത്തരും കുട്ടികളും യുവാക്കളും പ്രായം ചെന്നവരുമെല്ലാം പ്രത്യേകമായ ആവേശത്തോടും ആനന്ദത്തോടും ജല്‍സക്ക് വേണ്ടി തയ്യാറെടുപ്പുകള്‍ നടത്താറുണ്ടായിരുന്നു. ജല്‍സ ശ്രവിക്കുന്ന ഓരോരുത്തരും ആത്മസംതൃപ്തി കൈവരിച്ചിരുന്നു. ഇങ്ങിനെയുള്ള ആ ദിവസങ്ങളെക്കുറിച്ച് പുതിയ തലമുറക്കും അറിവുണ്ടായിരിക്കേണ്ടതാണ്. കഴിഞ്ഞ 27 വര്‍ഷത്തിനിടെ ജനിച്ച കുട്ടികള്‍ക്കും ഇതെല്ലാം അറിഞ്ഞിരിക്കേണ്ടതാണ്. ജല്‍സയുടെ ആ സുന്ദരസുദിനങ്ങള്‍ ഏതൊരു മനോഹര ദൃശ്യമാണ് കാഴ്ചവെച്ചിരുന്നതെന്ന് അവരും അറിഞ്ഞിരിക്കേണ്ടതാണ്. അന്ന് റബ്വയെ ഒരു മണവാട്ടിയെപോലെ അണിയിച്ചൊരുക്കുമായിരുന്നു. അങ്ങാടികള്‍ അലങ്കരിക്കപ്പെടും. താത്കാലികമായ അങ്ങാടികള്‍ രൂപപ്പെടും. അവിടം വരുന്ന ലക്ഷക്കണക്കിന് അതിഥികളുടെ നിത്യജീവിതത്തിനാവശ്യമായ വസ്തുക്കള്‍ അവരുടെ ഇഷ്ടപ്രകാരം ലഭ്യമാകുന്നതിന് വേണ്ടിയായിരുന്നു അത്. സ്പെഷ്യല്‍ ട്രെയിനുകളും ബസ്സുകളും അവിടെ വരുമായിരുന്നു. ഓരോ ഗൃഹസ്ഥരും അവരവരുടെ കഴിവനുസരിച്ച് അതിഥികള്‍ക്കായി തങ്ങളുടെ വീടുകളെ അലങ്കരിച്ചിരുന്നു. അതിഥികള്‍ക്ക് കഴിയുന്നത്ര സൗകര്യങ്ങള്‍ അവര്‍ ഒരുക്കുമായിരുന്നു. ആ വീട്ടിലുള്ളവര്‍ക്ക് താമസിക്കാന്‍ വീടിന്റെ മുറ്റത്ത് അവര്‍ ടെന്റുകള്‍ കെട്ടിയിരുന്നു. കാരണം അധികവും കൊച്ചുകൊച്ചുവീടുകളായിരുന്നു. ടെന്റുകള്‍ കെട്ടാതിരുന്നാല്‍ അതിഥികള്‍ക്കും വീട്ടുകാര്‍ക്കും കൂടി താമസിക്കാന്‍ അത് മതിയാകുമായിരുന്നില്ല. ചില വീട്ടുകാര്‍ വീട്ടിലുള്ള റൂമുകള്‍ മുഴുവനും അതിഥികള്‍ക്കായി സമര്‍പ്പിച്ചിരുന്നു. അവര്‍ സ്വയം മുറ്റത്ത് അഭയംതേടുമായിരുന്നു. ചുരുക്കത്തില്‍ ത്യാഗത്തിന്റെ അതിശയകരമായ സുന്ദര ദൃശ്യങ്ങളാണ് റബ്വാ നിവാസികള്‍ കാഴ്ചവെച്ചിരുന്നത്. ഞങ്ങള്‍ അതിഥികളെ സേവിക്കുകയാണെന്ന പ്രത്യേക സംതൃപ്തി ഓരോ മുഖത്തും ദൃശ്യമായിരുന്നു. എന്നാല്‍ ഞാന്‍ പറഞ്ഞതുപോലെ ഈ ദൃശ്യങ്ങളൊന്നും ഇനി ഉണ്ടാകില്ലെന്ന് കരുതരുത്. ഈ ചിന്തകള്‍ നിരാശപ്പെടുത്തുന്നതാകരുത്. اِنْ شَآءَاللّٰهُ ഈ മനോഹരദൃശ്യങ്ങള്‍ തീര്‍ച്ചയായും വീണ്ടും സ്ഥാപിക്കപ്പെടുകതന്നെ ചെയ്യുന്നതാണ് തീര്‍ച്ച.

നാം ഒരിക്കലും അല്ലാഹുവിന്റെ കാരുണ്യത്തെ തൊട്ട് നിരാശരാകരുത്. അവനോട് ചോദിച്ചുകൊണ്ടേയിരിക്കുക. അല്ലാഹു പറയുന്നു. എന്റെ കാരുണ്യത്തെയോര്‍ത്ത് ഒരിക്കലും നിരാശരാകരുത്. അല്ലാഹുവിന്റെ കാരുണ്യത്തില്‍ നാം ഉറച്ച് വിശ്വസിക്കുന്നു. വിശുദ്ധ ഖുര്‍ആനില്‍

ഒരു പ്രവാചകന്റെ വൃത്താന്തം അല്ലാഹു വിവരിക്കുന്നു مَنْ يَّقْنَطُ مِنْ رَّحْمَةِ رَبِّهٖٓ اِلَّا الضَّآلُّوْنَ ﴿٥٧﴾ വഴികേടിലായവരല്ലാതെ തന്റെ നാഥന്റെ കാരുണ്യത്തെ ഓർത്ത് മറ്റാരാണ് നിരാശനാകുക. ആ സുന്ദര സുദിനങ്ങൾ തിരിച്ചുവരുമോ എന്ന് നിരാശയൊന്നും നമുക്കില്ല. അത് ഏതുരീതിയിൽ വരുമെന്നുള്ള സന്ദേഹവും നമുക്കില്ല. എന്നാൽ ഞാൻ പറഞ്ഞതുപോലെ ആ ദിനങ്ങൾ തിരിച്ചുവരികതന്നെ ചെയ്യും. കാരണം അല്ലാഹുവിന്റെ ഖുദ്റത്തിൽ അടിയുറച്ച് വിശ്വക്കുന്നവരാണ് നാം. മസീഹ് മൗഊദ് عليه السلام പറയുന്നു. ക്രൂരത (കാഠിന്യം) അതിരുലംഘി ക്കുമ്പോൾ രക്ഷപ്പെടാനുള്ള മറ്റൊരു പോംവഴിയും ഇല്ലാതെ വരികയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ സനാദന സുന്നത്ത് എന്നത് അവൻ തന്റെ ദാസരെ കൈപിടിച്ചു സഹായിക്കുന്നു എന്നാണ്. അതിനാൽ അവനോട് സഹായം തെടിക്കൊണ്ടേ ഇരിക്കുക. അങ്ങിനെയാണെങ്കിൽ തീർച്ച യായും അവൻ സഹായത്തിന് വരുന്നതാണ്. എല്ലാ മാർഗങ്ങളും അട ഞ്ഞാലും തവ്വാബായ സർവ്വേശ്വരന്റെ മാർഗം തുറന്നുകിടക്കുന്നതാണ്. അല്ലാഹു ഒരു സ്ഥലത്ത് പറയുന്നു.

وَهُوَ الَّذِيْ يُنَزِّلُ الْغَيْثَ مِنْۢ بَعْدِ مَا قَنَطُوْا
وَيَنْشُرُ رَحْمَتَهٗ ۭ وَهُوَ الْوَلِيُّ الْحَمِيْدُ ﴿٢٩﴾

നിരാശക്ക് ശേഷം മഴ വർഷിപ്പിക്കുന്നതും അവനാണ്. അങ്ങിനെ തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നു. അവൻ എല്ലാ കഴിവു കളുടേയും ഉടമസ്ഥനും സ്തുത്യർഹനുമാകുന്നു. അല്ലാഹു ആത്മീ യും ഭൗതികവുമായ ജീവിതത്തിൽ തന്റെ കാരുണ്യവർഷം ഈ രീതിയി ൽ ഇറക്കുന്നു. നിരാശരായ സാധാരണക്കാരെപോലും തന്റെ കാരുണ്യ ത്താൽ കടാക്ഷിക്കുന്നു. വിശ്വാസികളെക്കുറിച്ച് അല്ലാഹു പറയുന്നത്. اَللّٰهُ وَلِيُّ الَّذِيْنَ اٰمَنُوْا വിശ്വാസികളെ വലിയ്യ് (സഹായി) അല്ലാഹു ആകുന്നു. വിശ്വാസികളെ അവൻ ഒരിക്കലും നിരാശയിൽ ഇടില്ല. അല്ലാഹുവിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്ന വിശ്വാസികളുടെ വിനയ ത്തിന്റെ പാരമ്യതയിൽ എത്തിയ വിശ്വാസികളുടെ ആവശ്യങ്ങൾ അവൻ പരിഗണിക്കുന്നു. അവരെ സഹായിക്കാനായി അവൻ തീർച്ചയായും വരു ന്നു. തന്റെ റഹ്മത്ത് അവർക്കായി വിശാലമാക്കിക്കൊടുക്കുന്നു. അതിന്റെ പ്രഖ്യാപനം ഈ വാക്കുകളിലാണ് അല്ലാഹു നടത്തുന്നത്.

وَيَسْتَجِيْبُ الَّذِيْنَ اٰمَنُوْا وَعَمِلُوا الصّٰلِحٰتِ وَيَزِيْدُهُمْ مِّنْ فَضْلِهٖ ۭ

വിശ്വാസികളുടേയും സത്പ്രവൃത്തി ചെയ്യുന്നവരുടേയും ദുആകൾ അവൻ സ്വീകരിക്കുന്നതാണ്. തന്റെ ഫള്ലിൽ നിന്നും അവർക്ക് വളരെ യധികം വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കാരുണ്യ കടാക്ഷം ഏതു രീതിയിലായിരിക്കുമെന്നത് മനുഷ്യ ചിന്തകൾക്കതീത മാണ്. അങ്ങനെയുള്ള അല്ലാഹുവിൽ നാം വിശ്വസിക്കുന്നവരായിരിക്കെ നമ്മുടെ അവസ്ഥകളും പൂർവ്വകാലസ്മരണകളും ഓർത്ത് നിരാശരാ കേണ്ട ആവശ്യമില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു. ചിലപ്പോൾ മനുഷ്യൻ കരുതുന്നത് ഇനി രക്ഷപ്പെടാനുള്ള ഒരു പഴുതും അവശേഷി ക്കുന്നില്ലെന്നാണ്. മനുഷ്യ കഴിവുകൾക്ക് രക്ഷപ്പെടാനുള്ള ഒരു പഴുതും കാണാൻ കഴിയാത്ത അവസ്ഥ വരുമ്പോൾ لَا تَقْنَطُوْا مِنْ رَّحْمَةِ اللّٰهِ എന്ന ശബ്ദം വരുന്നു. وَيَنْشُرُ رَحْمَتَهٗ എന്ന ദൃശ്യം നാം കാണുന്നു. അതുകൊണ്ട് നമ്മുടെ ദിന രാത്രങ്ങൾ ദുആയിൽ കഴിച്ചുകൂട്ടേണ്ടത് നമ്മുടെ കടമയാണ്. ഈ ജൽസയിൽ ഖാദിയാനിൽ വന്ന എല്ലാവരും ഈ ദിനങ്ങളിൽ തങ്ങളുടെ ഓരോ നിമിഷവും ദുആയിൽ കഴിച്ചുകൂട്ടുക.

ദിനങ്ങളുടെ ഓരോ നിമിഷത്തേയും പ്രാർത്ഥനയിൽ കഴിച്ചുകൂട്ടാനും ശ്രമിക്കുക. പ്രത്യേകിച്ച് പാക്കിസ്ഥാനിൽ നിന്നും വന്ന അഹ്മദികൾ ഒരു കാര്യം ഓർമ്മ വെക്കുക. അല്ലാഹു പറഞ്ഞത് മാർഗ്ഗഭ്രംശം സംഭവിച്ചവർ മാത്രമാണ് അവന്റെ കാരുണ്യത്തെതൊട്ട് നിരാശരാവുക എന്നാണ്. അതു കൊണ്ട് നിരാശരാവുക എന്നത് അന്യരുടെ ജോലിയാണ്. നാം മാർഗഭ്രംശം സംഭവിച്ചവരിൽ ഉൾപ്പെട്ടവരല്ല. നാം അവസാന കാലത്ത് ആഗതരായ മഹ്ദി ഇമാമിൽ വിശ്വസിച്ചവരാണ്. അല്ലാഹു നമ്മെ ആ വാഗ്ദത്ത മഹ്ദീ മസീഹ് മുഖേന അന്തകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിച്ചിരി ക്കുന്നു. നമ്മെ വഴികേടിലകപ്പെട്ട് ഉലയുന്നതിന് പകരം സ്വിറാത്തെ മുസ്തഖീമിൽ (നേർമാർഗത്തിൽ) വഴിനടക്കാൻ പഠിപ്പിച്ചിരിക്കയാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൊതുവിൽ അഹ്മദികൾ ഇത് മന സ്സിലാക്കിയവരാണ്. അതുകൊണ്ടാണ് അവർ വിശ്വാസദൃഢീകരണത്തോ ടൊപ്പം പ്രയാസങ്ങൾ സഹിച്ച് മുന്നേറുന്നത്. അഹ്മദിയ്യത്തിന്റെ എതി രാളികൾ അവർക്ക് നേരെ തുടുത്തു വിടുന്ന പ്രയാസങ്ങൾ അവഗണിച്ചു തള്ളുന്നു. അതുകൊണ്ടാണ് ശുഹദാക്കളെ വാവിട്ടടിച്ചു കരയാതെ മാന്യ മായ നിലയിൽ അവർ യാത്ര അയക്കുകയും മാന്യമായ നിലയിൽ അവരെ മറവ് ചെയ്ത് അവരുടെ കബറിങ്കൽ ദുആ ഇരന്നുകൊണ്ട് സമാധാന ത്തോടെ വീടുകളിലേക്കവർ തിരിച്ചുവരുകയും ചെയ്യുന്നത്. എന്നിട്ട് അവരുടെ ദുഃഖത്തിന്റെ കണ്ണുനീർ അല്ലാഹുവിന്റെ സവിധത്തിൽ മാത്രം അവർ ഒഴുക്കുന്നു. എന്നാൽ അതിൽ ഒറ്റയും തെറ്റയുമായവർ വ്യാകുല പ്പെടുകയും ചെയ്യുന്നുണ്ട്. ദീനിനെക്കുറിച്ച് നല്ല അറിവുള്ളവരും ജമാ അത്തിന് സേവനം ചെയ്യുന്ന ചിലർ പോലും പറയുകയും എനിക്ക് എഴു തുകയും ചെയ്തു പോകുന്നു. ''ഈ കാഠിന്യത്തിന്റെ ദിനങ്ങൾ നീണ്ടു പോകുകയാണല്ലോ നാളയെ മറ്റന്നാളൊ തീരുന്നേ ഇല്ലല്ലൊ.'' ഓർക്കു ക. ഒരു വിജയിക്കാനുള്ള സമൂഹത്തിന് ദിവസങ്ങൾക്കൊരു പ്രസക്തി യുമില്ല. ആ സമൂഹത്തിന്റെ പ്രായത്തിന് അൽപം വർഷങ്ങൾ പോലും ഒരു പ്രസക്തിയും അർഹിക്കുന്നില്ല. വിജയിക്കാനുള്ള സമൂഹം ഒരേ ഒരു വീക്ഷണകോണിലൂടെ മാത്രമല്ല നോക്കുന്നത്. ഒരു ഭാഗത്തേക്ക് മാത്ര മല്ല അവർ ദൃഷ്ടി പതിപ്പിക്കുന്നത്. അവർ നോക്കുന്നത് സമൂഹത്തിന്റെ മൊത്തത്തിലുളള വിജയത്തിലേക്കായിരിക്കും. അല്ലാഹുവിന്റെ അനു ഗ്രഹത്താൽ പാക്കിസ്ഥാന്റെ മോശമായ അവസ്ഥക്ക് ശേഷം ജമാഅത്ത് പല മടങ്ങ് വളർന്നിരിക്കുന്നു. പാക്കിസ്ഥാനിൽ പോലും മുമ്പത്തെക്കാ ളുപരി ഉന്നതി പ്രാപിച്ചിരിക്കുകയാണ്. ചില കഠിനതകൾ ഉണ്ട്. ചില വില ക്കുകൾ നേരിടേണ്ടിവരുന്നുണ്ട്. ജീവനും സ്വത്തിനും നഷ്ടം വരുന്നുണ്ട്. കാലത്തിന്റെ ഖലീഫക്ക് ജമാഅത്തിനോട് നേരിട്ട് ബന്ധപ്പെടാനോ ജമാ അത്തിന് ഖലീഫയോട് നേരിട്ട് ബന്ധം പുലർത്താനോ സാധിക്കുന്നില്ല. യാതൊരു മാധ്യമവുമില്ലാതെ ഇരുകൂട്ടർക്കും ബന്ധപ്പെടാനുള്ള ആവേ ശമുണ്ട്. പക്ഷെ സാധിക്കുന്നില്ല എന്നത് തികച്ചും സത്യമാണ്. അതെല്ലാ മായിരിക്കെ അല്ലാഹു നമ്മോട് കരുണ ചെയ്തു കൊണ്ട് പരസ്പരം കാണാനുള്ള ഒരു മാർഗം നമുക്കായി തുറന്നുതന്നിരിക്കുകയാണ്. എം. ടി.എ. എന്ന മാർഗത്തിലൂടെ ഇതിനുള്ള സംവിധാനം അല്ലാഹു ഒരുക്കി ത്തിന്നിരിക്കുന്നു. പാക്കിസ്ഥാനിൽ ജൽസയും ഇജ്തിമായും നടത്തു ന്നതിന് വിലക്കേർപ്പെടുത്തിയിട്ടുണ്ടെങ്കിൽ എം.ടി.എ മുഖേന വിവിധ ജൽസകളിലും ഇജ്തിമാഇലും പാക്കിസ്ഥാനീ അഹ്മദികളടക്കം ലോക ത്തുള്ള അഹ്മദികൾ പങ്കെടുക്കുന്നുണ്ട്. തടസ്സങ്ങൾ എല്ലാം ഉണ്ടായിട്ടു കൂടി ആത്മീയ ഭക്ഷണത്തളിക അല്ലാഹു തടഞ്ഞിട്ടില്ല. അല്ലാഹു ഇത്ര മാത്രം അനുഗ്രഹങ്ങൽ വർഷിച്ചുകൊണ്ടിരിക്കുമ്പോൾ ഒരിക്കലും തന്നെ ആരുടെയും ഹൃദയത്തിൽ നിരാശയുടെ ലാഞ്ചനപോലും വരാൻ പാടില്ല. ഈ ദിനങ്ങളിൽ റബ്വ വാസികളും പാക്കിസ്ഥാൻ നിവാസികളും തങ്ങ ളുടെ സങ്കടങ്ങളും വ്യസനങ്ങളും അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടു കൊണ്ട് പ്രാർത്ഥനയായി സമർപ്പിക്കേണ്ടതാണ്.

ഞാൻ എന്റെ ചിന്താമണ്ഢലത്തിൽ റബ്വയിലെ അതിമനോഹരമായ ജൽസാ ദിനങ്ങളെയും അതിന്റെ ഒരുക്കങ്ങളേയും കൊണ്ടുവരികയാ ണ്. അതേപോലെ അഹ്മദിയ്യത്തിന്റെ വിജയത്തിന്റെ നിർണ്ണിത ദിനങ്ങ ളേയും കുറിച്ച് ഓർത്തുപോകുന്നു. ഓരോരുത്തരും ഇതിനെക്കുറിച്ചാണ് ഓർക്കേണ്ടത്. ആ നിർണ്ണിത വിധി എന്നത് തിരുനബി ﷺ യുടെ മതത്തെ

ലോകത്ത് വിജയിപ്പിക്കുക എന്നതാണ്. മുഹമ്മദീ മസീഹിന്റെ ജമാഅത്തിൽ ലോകത്തിലെ ഭൂരിപക്ഷം ആളുകളെയും ഉൾപ്പെടുത്തുന്നതിനുള്ള വിധിയാണ്. ആ വിധി എന്നത് മറ്റു സമൂഹങ്ങളെപ്പോലെതന്നെ പാക്കിസ്ഥാനികളിലും മുഹമ്മദീ മസീഹിന്റെ സത്യത വ്യക്തമായി പുലരുന്ന വിധിയാണ്. അതുകൊണ്ട് നമുക്ക് നമ്മുടെ ദുആയിൽ കൂടുതൽ ശക്തി ചെലുത്തിക്കൊണ്ട് ഈ വിധി നമ്മുടെ ജീവിതത്തിൽ തന്നെ പുലർന്നുകാണുന്നതിനായി അല്ലാഹുവിന്റെ സവിധത്തിൽ അതീവ വിനീതരായുകൊണ്ട് തേടിക്കൊണ്ടേ ഇരിക്കേണ്ടതാണ്.

റബ്വയിലെ ജൽസയുടെ ആരവവും ആ പവിത്രമായ അന്തരീക്ഷവും എന്റെ സ്മൃതി പദത്തിൽ വരികയാണ്. ജൽസാ സ്ഥലത്തേക്ക് വരികയും പോവുകയും ചെയ്യുന്ന റബ്വയിലെ ആ വഴിയോരങ്ങൾ, ജനക്കൂട്ടത്തിന്റെ തിരക്ക്, എന്നാൽ ആ തിരക്കിൽ ഉന്തും തള്ളും ഒന്നുമില്ല. സ്ത്രീകളും പുരുഷൻമാരും തിക്കും തിരക്കുമില്ലാതാക്കാൻ സ്വയം ശ്രമിച്ചിരുന്നു. എവിടെയെങ്കിലും അൽപം തിരക്ക് കൂടിയെങ്കിൽ തന്നെ വഴിയിൽ ഡ്യൂട്ടി നൽകുന്ന അത്ഫാൽ ഖുദ്ദാം പ്രവർത്തകർ ഉടനെ അവർക്ക് വഴികാട്ടികളായി നിലയുറപ്പിക്കും. ഏതുവഴിക്ക് പോകണം എന്ന് വഴി നടക്കുന്നവരെ അവർ ഓർമ്മപ്പെടുത്തുമായിരുന്നു. ഓർമ്മപ്പെടുത്തിക്കഴിഞ്ഞാൽ അവരവർക്ക് നിശ്ചയിച്ച വഴിയിലൂടെ ഓരോരുത്തരും നടന്നു നീങ്ങും. വെള്ളം ഒഴുകുന്നതുപോലെ ജനങ്ങൾ മന്ദം മന്ദം ഒഴികിക്കൊണ്ടിരിക്കുന്ന മനോഹര കാഴ്ച നമുക്കവിടെ കാണാമായിരുന്നു. ഈ ഒരു അവസ്ഥയിലാണ് ജനസാഗരം ജൽസാ ഗാഹിലേക്ക് ഒഴുകിക്കൊണ്ടിരുന്നതും അവിടെ നിന്ന് തിരിച്ച് വന്നിരുന്നതും. വഴിയുടെ ഒരു ഭാഗത്ത് പുരുഷന്മാരും മറുഭാഗത്ത് സ്ത്രീകളും ശാന്തമായി നടന്നിരുന്നു. ഒരോ പുരുഷനും സ്ത്രീയുടെ പവിത്രതയെ കാത്തുസൂക്ഷിച്ചിരുന്നു. ഓരോ സ്ത്രീയും തന്റെ ലജ്ജാശീലം പാവനമായി സൂക്ഷിച്ചിരുന്നു. പുരുഷനോ സ്ത്രീയോ പരസ്പരം വഴി മാറി നടക്കുന്ന പ്രശ്നമേ ഉണ്ടായിരുന്നില്ല. അതല്ലെങ്കിൽ അവർ കൂട്ടിമുട്ടുന്ന ഒരു നിമിഷംപോലും സംജാതമായിരുന്നില്ല. പർദ്ദയുടെ പരിപാലനവും ദൃഷ്ടികൾ താഴ്ത്തുക എന്ന കൽപനയും എല്ലായിടത്തും കാത്തു സൂക്ഷിച്ചിരുന്നു. ഈ മനോഹരദൃശ്യം മനുഷ്യന്റെ ഭാവനയെ മദീനയുടെ പവിത്രമായ തെരുവീഥികളിലേക്കാണ് കൊണ്ട് പോകുന്നത്. അവിടെ തിരുനബി (സ) ഇപ്രകാരം അരുളിയിരുന്നു. സ്ത്രീകളും പുരുഷന്മാരും വെവ്വേറെ വഴികൾ സ്വീകരിക്കുക. വഴിയുടെ ഓരം ചേർന്ന് നടക്കുക. ഈ കൽപന അക്ഷരം പ്രതി അവർ പാലിച്ചുകാണിച്ചു. നിവേദനത്തിൽ വരുന്നു. ചില സ്ത്രീകൾ ചുമരിനോട് വളരെ ചേർന്ന് നടന്നതിന്റെ ഫലമായി അവരുടെ തട്ടം, വസ്ത്രം ചുമരിന്റെ കല്ലുകളിൽ കുടുങ്ങിപ്പോകുമായിരുന്നു. ഇതെല്ലാം അവർ ചെയ്തിരുന്നത് അനുസരണത്തിന്റെ ഉദാത്തമാതൃക സമർപ്പിക്കുന്നതിന്നായിരുന്നു. അതോടൊപ്പം ലജ്ജാശീലവും അവരുടെ പവിത്രതയും കാത്തുസൂക്ഷിക്കുകയും ചെയ്യുന്നതിനുമായിരുന്നു. ഈ മനോഹരദൃശ്യം ഞാൻ പറഞ്ഞതുപോലെ റബ്വയിലും ജൽസാ ദിനങ്ങളിൽ നമുക്ക് കാണാൻ സാധിച്ചിരുന്നു. ഇസ്ലാമിക സംസ്ക്കാരത്തിന്റെ ഉത്തമ മാതൃക റബ്വയിൽ വരുന്നവർ മറ്റു ദിനങ്ങളിൽ പൊതുവിലും ജൽസാ ദിനങ്ങളിൽ പ്രത്യേകിച്ചും കണ്ടിരുന്നു. ഖാദിയാനിലും ചെറിയ റോഡുകളും ഇടുങ്ങിയ വീഥികളുമാണുള്ളത്. അതിനാൽ ഇവിടെ ഖാദിയാനിൽ ജൽസയിൽ പങ്കെടുക്കുന്നവരോട് എനിക്ക് പറയാനുള്ളത് ഇതെല്ലാം ശ്രദ്ധിക്കണമെന്നാണ്. ചിലർ ആദ്യമായിരിക്കും ജൽസയിൽ പങ്കെടുക്കുന്നത്. മറ്റു നാടുകളിൽ നിന്നും വരുന്നവരുമുണ്ട്. വഴിനടക്കുമ്പോൾ ഏതു സൈഡിലൂടെയാണ് നടക്കേണ്ടതെന്ന് ചിലപ്പോൾ ശ്രദ്ധിച്ചെന്ന് വരില്ല. അതിനാൽ ഡ്യൂട്ടിയിലുള്ളവർ നിങ്ങളെ ഓർമ്മപ്പെടുത്തുന്നതിനുപകരം സ്ത്രീകളും പുരുഷന്മാരും അവർക്ക് നിശ്ചയിച്ചിട്ടുള്ള വഴികളിലൂടെ നടക്കുക. ഖാദിയാനെക്കുറിച്ച് നൂറ് വർഷം മുമ്പ് തന്നെ അന്യർ പോലും പറഞ്ഞിട്ടുള്ളത് ഇസ്ലാമിക മൂല്യങ്ങളുടെ അതിമനോഹര മാതൃക നമുക്ക് അവിടെ കാണാം എന്നാണ്. ഈ മാതൃക ഖാദിയാനിൽ ഇന്നും നിലനിൽക്കേണ്ടതുണ്ട്. ദൂര ദൂര ദേശങ്ങളിൽ നിന്നും അന്യരും ജൽസയിൽ പങ്കെടുക്കാൻ എത്തിയിരിക്കും.

അതുകൊണ്ട് ലജ്ജാശീലവും പവിത്രതയും കാത്തുസൂക്ഷിക്കുന്നതോടൊപ്പം ജൽസയിൽ പങ്കെടുക്കുന്നവർ അവരുടെ സംസ്ക്കാരങ്ങളെയും സംരക്ഷിക്കേണ്ടതാണ്. ബാങ്കിന്റെ വിളി കേട്ടാൽ ഓരോരുത്തരുടേയും ശ്രദ്ധ മസ്ജിദിലേക്ക് തിരിയേണ്ടതാണ്. ഇതേപോലെ ജൽസയുടെ പരിപാടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ആ പരിപാടികൾ പൂർണ്ണമായും ശ്രദ്ധിച്ചുകേൾക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറഞ്ഞതുപോലെ ജൽസ മേളയോ മറ്റോ അല്ല. ഖാദിയാനിൽ നിന്നും ഇപ്പോൾ ലഭിച്ച അറിയിപ്പനുസരിച്ച് ഏഴായിരമോ എട്ടായിരമോ പുറമേ നിന്നുള്ളവർ അവിടെ എത്തിയിട്ടുണ്ട് എന്നാണ്. അതുകൊണ്ട് ഓരോരുത്തരും ജൽസയുടെ പവിത്രതയെ കാത്തുസൂക്ഷിക്കേണ്ടതാണ്.

പാക്കിസ്ഥാനിൽ നിന്ന് വന്ന കൂറേ പേരുണ്ട്. അവർക്ക് ജൽസയിൽ പങ്കെടുത്ത്കൊണ്ട് ആത്മീയ ഭക്ഷണത്തളികയിൽ നിന്ന് നേരിട്ട് പ്രയോജനമെടുക്കാൻ സാധിക്കുന്നു. അതുകൊണ്ട് യഥാർത്ഥ വിശ്വാസിയെപ്പോലെ അവിടെനിന്നും പൂർണ്ണമായും പ്രയോജനമെടുക്കാൻ പ്രയത്നിക്കേണ്ടതാണ്. മറ്റൊന്ന് ജൽസയിൽ പങ്കെടുക്കുന്ന ഓരോരുത്തരിലും ത്യാഗ മനോഭവം ഉണ്ടായിരിക്കേണ്ടതാണ്. താമസസ്ഥലങ്ങളിൽ പ്രശ്നങ്ങൾ ഉണ്ടാകരുത്. അതേപോലെ ഭക്ഷണം കഴിക്കുന്ന സ്ഥലത്തുംപ്രശ്നങ്ങൾ ഉണ്ടാകരുത്. ജൽസാഗാഹിൽ പ്രവേശിക്കുമ്പോഴും പുറത്തേക്ക് വരുമ്പോഴും ക്രമസമാധാനം പാലിക്കണം. നിയമങ്ങളെ നാം തെറ്റിക്കുന്നത് സ്വാർത്ഥത കാരണമാണ്. നമ്മുടെ അവകാശം ആദ്യം ലഭിക്കണം എന്ന ചിന്തയിലാണ് സംവിധാനം താറുമാറാകുന്നത്. അതുകൊണ്ട് ചെറിയ ചെറിയ കാര്യങ്ങൽ മുതൽ വലിയ വലിയ കാര്യങ്ങൾക്ക്പോലും ത്യാഗമനോഭവത്തോടുകൂടി സമീപിക്കുകയാണെങ്കിൽ ഒരിക്കലും ക്രമരാഹിത്യം നമുക്ക് ദർശിക്കാൻ സാധിക്കുകയില്ല. ചില കുഴപ്പക്കാരും അസൂയാലുക്കളും ആഗ്രഹിക്കുക മാത്രമല്ല അവർ ഏതെങ്കിലും സംവിധാനത്തെത്തന്നെ തകിടം മറിക്കാൻ ശ്രമിക്കുകയും, അങ്ങിനെ സംവിധാനത്തിൽ കുഴപ്പമുണ്ടാക്കി അവരുടെ ലക്ഷ്യം കരസ്ഥമാക്കാൻ അവർ ശ്രമിക്കുകയും ചെയ്യും. അതുകൊണ്ട് ഒരു അഹ്മദി പോലും ഇങ്ങിനെയുള്ളവർക്ക് സഹായികളായി ഒരിക്കലും മാറരുത്. ജമാഅത്തിന് പേരുദോഷം വരുത്തുവാനുള്ള ഒരു അവസരവും അവർക്ക് ഒരിക്കിക്കൊടുക്കുന്നവരാകരുത്. അതുമല്ലെങ്കിൽ ജമാഅത്തിന് വല്ല നഷ്ടവും വരുത്തുന്നതിനും ഇടവരുത്തരുത്.

ഖാദിയാനിൽ ഹിന്ദുക്കളും സിക്കുകാരും ക്രിസ്ത്യാനികളും എല്ലാം വസിക്കുന്നുണ്ട്. ഓരോ അഹ്മദിയും അവരെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്. അവിടത്തെ നിവാസികൾ പൊതുവിൽ നല്ലവരാണ്. ആരിൽ നിന്നെങ്കിലും വല്ല തെറ്റും വന്നുപോയെങ്കിൽ തന്നെയും നിങ്ങൾ നിങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കണം. ഖാദിയാനിലുള്ള അഹ്മദികളും ഒരു കാര്യം ഓർമ്മവെക്കേണ്ടത് അതിഥികളിൽ ആരുടേയെങ്കിലും പെരുമാറ്റം കണ്ട് ദേഷ്യപ്പെട്ടുപോകാറുണ്ട്. അതുമല്ലെങ്കിൽ ആരുടേയെങ്കിലും സംസാരം നമ്മെ കോപിഷ്ടരാക്കുന്നു. അതുകൊണ്ട് ഏതു രീതിയിൽ മറ്റുള്ളവർ പ്രതികരിച്ചാലും അവിടെ കുഴപ്പവും പ്രശ്നവും ഉണ്ടാകുന്ന തരത്തിലുള്ള ഒരു വിധ വികാര പ്രകടനവും നിങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടാകരുത്. അതേപോലെ അവിടെയുള്ളവർ പരസ്പരം സലാം പറയുന്ന ശീലമുണ്ടാക്കുക. അറിയുന്നവരാണെങ്കിലും അല്ലെങ്കിലും വഴിയിൽ കണ്ടുമുട്ടുമ്പോഴും മറ്റുമെല്ലാം സലാം പറഞ്ഞുകൊണ്ടിരിക്കുക. അതിലൂടെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും അന്തരീക്ഷം സംജാതമാകുന്നതാണ്.

ചുരുക്കത്തിൽ, ഞാൻ പറഞ്ഞതുപോലെ പാക്കിസ്ഥാനിൽ താമസിക്കുന്നവർക്ക് ഈ ജൽസാ ദിനങ്ങൾ സുപ്രധാന ദിനങ്ങളാണ്. അവർ ഈ ദിനങ്ങൾ പ്രത്യേകിച്ച് പ്രാർത്ഥനയിൽ കഴിച്ചുകൂട്ടുക. ജൽസയിൽ പങ്കെടുക്കാൻ പാക്കിസ്ഥാനിൽ നിന്നും ഖാദിയാൻ വന്നിട്ടുള്ളവരും മറ്റു നാടുകളിൽ നിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വന്നവരും എല്ലാം ഈ ദിനങ്ങളിൽ പ്രത്യേകമായി ദുആയിൽ കഴിച്ചുകൂട്ടുക. ജൽസയിൽ പങ്കെടുക്കുന്നവർ തങ്ങളുടെ ഓരോ നിമിഷവും ദുആയിൽ തന്നെ കഴിച്ചുകൂട്ടുക. അവർക്ക് ദുആയിൽ കഴിച്ചുകൂട്ടാൻ സാധിക്കുന്നതുമാണ്. കാരണം ജൽസയിൽ പങ്കെടുക്കുന്നത് ആത്മീയ അനുഗ്രഹങ്ങൽ കരസ്ഥമാക്കുകയും തങ്ങളുടെ ശിക്ഷണത്തിനുള്ള മാർഗ്ഗങ്ങൾ സ്വായത്തമാക്കുകയും ചെയ്യുക എന്നല്ലാതെ മറ്റൊരു ജോലിയും തന്നെ അവർക്കില്ല. വാഗ്ദത്ത മസീഹിന്റെ നാട്ടിൽ ഒരു ആത്മീയ അന്തരീക്ഷത്തിൽ ഇത്രയും പേർ ഒരുമിച്ചുകൂടിക്കൊണ്ട് അല്ലാഹുവിന്റെ സവിധത്തിൽ പ്രാർത്ഥിക്കാനുള്ള ഒരവസരം അല്ലാഹു ഒരുക്കിയിരിക്കുകയാണ്. അവനോട് അവന്റെ കൃപ ചോദിക്കുക. അവൻ ചെയ്ത ഉപകാരങ്ങൾക്ക് നന്ദി രേഖപ്പെടുത്തുക. പാക്കിസ്ഥാനിൽ നിന്നും പങ്കെടുക്കുന്നവർ പ്രത്യേകിച്ച് പാക്കിസ്ഥാനിലെ ഇപ്പോഴത്തെ അവസ്ഥയെ ഓർത്തും പാക്കിസ്ഥാന്റെ വഷളായിക്കൊണ്ടിരിക്കുന്ന അവസ്ഥക്ക് മോചനം ലഭിക്കുന്നതിനുമായി ദുആ ചെയ്യുക. അല്ലാഹു اُدْعُوْنِىْ اَسْتَجِبْ لَكُمْ നിങ്ങൾ എന്നെ വിളിക്കുക നിങ്ങളുടെ പ്രാർത്ഥന ഞാൻ കേൾക്കുന്നതാണ് എന്ന് പറഞ്ഞ്കൊണ്ട് നമ്മെ തലോടുന്നത് അല്ലാഹുവിന്റെ വലിയ കാരുണ്യം തന്നെയാണ്. നമുക്ക് ഇങ്ങിനെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുക കൂടി ചെയ്തിരിക്കെ അല്ലാഹുവിന്റെ ദാസർ അല്ലാഹുവിനോട് കേണപേക്ഷിക്കേണ്ടതാണ്. പാക്കിസ്ഥാനിലെ അഹ്മദികളെക്കാളും കൂടുതൽ അസ്വസ്ഥജനകമായ അവസ്ഥ ഇന്ന് മറ്റാർക്കാണുള്ളത്. അല്ലാഹു പറയുന്നു. ഗതി മുട്ടിയവന്റെ വിളി ഞാൻ കേൾക്കുന്നതാണ്. അതുകൊണ്ട് ഈ ദിനങ്ങളിൽ നിങ്ങളുടെ അസ്വസ്ഥതകളെ അല്ലാഹുവിന്റെ സവിധത്തിൽ കണ്ണുനീരുകളാക്കി ഒഴുക്കുക. അല്ലാഹുവിന്റെ വാഗ്ദാനത്തിന് അർഹരായിത്തീരുക. അല്ലാഹു പറയുന്നു

اَمَّنْ يُّجِيْبُ الْمُضْطَرَّ اِذَا دَعَاهُ وَيَكْشِفُ السُّوْٓءَ وَيَجْعَلُكُمْ
خُلَفَآءَ الْاَرْضِ ؕ ءَاِلٰهٌ مَّعَ اللّٰهِ ؕ قَلِيْلًا مَّا تَذَكَّرُوْنَ ﴿٦٣﴾

ഗതി മുട്ടിയവൻ അല്ലാഹുവിനെ വിളിച്ച് പ്രാർത്ഥിക്കുമ്പോൾ അവരുടെ വിളിക്ക് അവനല്ലാതെ ഉത്തരം നൽകുന്നവർ മറ്റാരുണ്ട്. അങ്ങിനെ അവൻ അവരുടെ പ്രയാസങ്ങൾ ദൂരീകരിച്ചുകൊടുക്കുന്നു. അവൻ നിങ്ങളെ ഭൂമിയുടെ പ്രതിനിധികളാക്കി മാറ്റുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കൂടെ മറ്റു വല്ല ആരാധ്യരുമുണ്ടൊ. നിങ്ങൾ അൽപം മാത്രമേ ഉപദേശം സ്വീകരിക്കുന്നുള്ളൂ.

ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് عليه السلام വിവരിക്കുന്നു. ''ദുആയിൽ സ്വീകാര്യത പ്രകമാകുന്നത് അത് അങ്ങേയറ്റം അസ്വസ്ഥാജനകമായി ചെയ്യുമ്പോഴാണ്. അങ്ങേയറ്റം അസ്വസ്ഥാജനകമായ അവസ്ഥ കൈവരിച്ചുകഴിഞ്ഞാൽ ആ ദുആ സ്വീകരിക്കപ്പെടുന്നതും അതിന്റെ അടയാളങ്ങൾ പ്രത്യക്ഷമാകുന്നതുമാണ്. ആദ്യം ഇതിനുള്ള ഒരുക്കങ്ങൾ ആകാശത്താണ് ചെയ്യപ്പെടുന്നത്. അതിനുശേഷം ഭൂമിയിൽ അതിന്റെ അടയാളങ്ങൾ ദൃശ്യമാക്കുന്നതാണ്. ഇത് നിസ്സാരകാര്യമായി കരുതരുത്. അമൂല്യമായ ഒരു യാഥാർത്ഥ്യമാണിത്. അല്ലാഹുവിന്റെ മഹത്വം പ്രകടമായിക്കാണാൻ ആഗ്രഹിക്കുന്നവർ ദുആയിൽ കൂടുതൽ ഊന്നൽ നൽകുക. അതുകൊണ്ട് ദുആ സ്വീകാര്യതയുടെ പ്രകടമായ അടയാളങ്ങൾ ഭൂമിയിൽ കാണാൻ ആഗ്രഹിക്കുന്നവർ ആദ്യം ആകാശങ്ങളെ പിടിച്ചുകുലുക്കേണ്ടതായി വരും.''

നിങ്ങളിൽ അൽപം ആയിരങ്ങൾക്ക് റബ്വയിലെ ജൽസയിൽ പങ്കെടുക്കാൻ കഴിയാത്തതിന്റെ ദുഃഖം മറക്കുന്നതിനും ആത്മീയ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനുമായി ഖാദിയാൻ ജൽസയിൽ പങ്കെടുക്കുവാൻ ഭാഗ്യം അല്ലാഹു നൽകിയിരിക്കുകയാണ്.നിങ്ങൾ നിങ്ങളുടെ അവസ്ഥകളെ നേരായ വഴിയിൽ തിരിച്ചുവിട്ടുകൊണ്ട് നിങ്ങളും ഭൗതികവും ആത്മീയവുമായ ജീവിത വിജയത്തിന് ശ്രമിക്കുക.

ഡ്യൂട്ടിയെടുക്കുന്നവരും അവിടെ പോയിട്ടുണ്ട്. ഡ്യൂട്ടി നൽകുക എന്നത് മാത്രമല്ല നിങ്ങളുടെ ലക്ഷ്യം. ഈ സേവനം നിങ്ങൾ തീർച്ചയായും ചെയ്യുക. എന്നാൽ നടക്കുമ്പോഴും ഇരിക്കുമ്പോഴും എല്ലാം നിങ്ങളുടെ നാവിനെ ദൈവസ്മരണയിൽ സജീവമാക്കിവെക്കുക. *അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.* ഞാൻ പറഞ്ഞതുപോലെ ഈ ജൽസയിൽ പങ്കെടുക്കുന്ന പാക്കിസ്ഥാനികൾ മാതമല്ല എല്ലാവരും കഴിയുന്നത്ര ഇതിൽ നിന്നും ഫലമെടുക്കേണ്ടതാണ്. അതിനുള്ള അന്തരീക്ഷം അവിടെ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പാക്കിസ്ഥാനികൾ അവരുടെ അസ്വസ്ഥ അല്ലാഹുവിന്റെ അടുക്കൽ സമർപ്പിക്കുന്നു. അല്ലാഹു അസ്വസ്ഥരുടെ പ്രാർത്ഥന സ്വീകരിക്കും എന്ന് പറഞ്ഞതുപോലെ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കുന്നതാണ്. അസ്വസ്ഥരായവർ തനിക്ക് വേണ്ടി മാത്രമല്ല ദുആ ചെയ്യുക. ജമാഅത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതാണ്. അങ്ങനെയുള്ള അസ്വസ്ഥരുടെ ദുആ അല്ലാഹു തീർച്ചയായും കേൾക്കും. ഇത് മാത്രമല്ല ലോകത്തോടുള്ള സഹാനുഭൂതി കാരണമായി ആപത്തിലേക്ക് പോയിക്കൊണ്ടിരിക്കുന്ന മറ്റു മതസ്ഥരെയും രക്ഷിക്കാനായി പ്രാർത്ഥിക്കുന്നതാണ്. ഇങ്ങനെയുള്ള മനുഷ്യസ്നേഹികളുടെയും മതസ്നേഹികളുടെയും പ്രാർത്ഥന അല്ലാഹു സ്വീകരിക്കുന്നതന്നെ ചെയ്യുന്നതാണ്.

അല്ലാഹു പറയുന്നത് നിങ്ങളുടെ പ്രാർത്ഥന കേട്ടുകൊണ്ട് നിങ്ങളുടെ പ്രയാസങ്ങളെ ദൂരീകരിക്കുമെന്ന് മാത്രമല്ല നിങ്ങളുടെ വ്യക്തിപരവും ജമാഅത്തീ പരവുമായ പ്രയാസങ്ങൾ അകറ്റുക മാത്രമല്ല ചെയ്യുക, നിങ്ങളെ ഉപദ്രവിക്കുന്നവരുടെ കൈകൾ തടയുക മാത്രമല്ല ചെയ്യുക, പ്രയാസങ്ങൾ അകറ്റിക്കൊണ്ട് പ്രയാസങ്ങൾക്ക് പരിഹാരം കണ്ടെത്തുക മാത്രമല്ല, മറിച്ച് يَجْعَلُكُمْ خُلَفَآءَ الْاَرْضِ നിങ്ങളെ ഭൂമിയുടെ അവകാശികളാക്കി മാറ്റുക കൂടി ചെയ്യുന്നതാണ്. മുമ്പും അല്ലാഹു ഇങ്ങനെ ചെയ്തിട്ടുണ്ട്. ഭാവിയിലും ഇത് തന്നെയാണ് ദൈവവിധി. ഇതാണ് ദൈവവിധി എന്നിരിക്കെ നിരാശരാകാനെന്തിരിക്കുന്നു. ഇവിടെ പ്രയാസങ്ങൾ അകറ്റപ്പെടുക മാത്രമല്ല അതിനു ശേഷം ഭൂമിയുടെ അവകാശികളായി നിങ്ങൾ മാറുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ നിസ്സഹായത ഓർത്ത് വിലപിക്കാതിരിക്കുക. നാളെയും മറ്റന്നാളും എന്നാണ് വരിക എന്ന കാര്യങ്ങളെല്ലാം ഉപേക്ഷിക്കുക. നിങ്ങളുടെ വിനയവും അസ്വസ്ഥാജനകമായി നിങ്ങൾ ചെയ്ത പ്രാർത്ഥനകളും ദൈവസവിധത്തിൽ സ്വീകരിച്ചുകഴിഞ്ഞാൽ നിങ്ങളുടെ പ്രയാസങ്ങൾ നീക്കപ്പെട്ടുക്കൊണ്ട് നാളെയും മറ്റന്നാളും വരുന്നതോടൊപ്പം നിങ്ങളുടെ എതിരാളികളെ നിങ്ങളുടെ കാൽക്കീഴിൽ കൊണ്ടുവരികയും ചെയ്യുന്നതാണ്. اِنْ شَآءَ اللّٰهُ അതുകൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുമ്പിട്ടുകൊണ്ട് അവനോടുള്ള ആരാധനയുടെ ഹഖ് പൂർത്തിയാക്കുക. നാനാതരം നിരാശകളിൽ നിന്നും ശിർക്കിൽ നിന്നും അത് നിഗൂഢമായ ശിർക്കാണെങ്കിൽ തന്നെയും സ്വയം അതിൽ നിന്ന് രക്ഷപ്പെടുക, നിങ്ങളുടെ മക്കളെ അതിൽ നിന്നും രക്ഷപ്പെടുത്തുക. അങ്ങനെയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കവകാശികളായി നാം മാറുന്നതാണ്. എത്രമാത്രം സ്നേഹനിധിയായ നാഥനാണ് നമ്മുടേത്. അവൻ പറയുന്നത് ''നിങ്ങൾ എന്നെ മാത്രം ആരാധിക്കുന്നവരാണ്. അതീവ വ്യസനത്തോടുകൂടി നിങ്ങൾ എന്നോട് പ്രാർത്ഥിക്കുക. അതിനാൽ നിങ്ങൾ ചോദിച്ചതിനെക്കാളുപരി ഞാൻ നിങ്ങൾക്ക്

അനുഗ്രഹിച്ചരുളുന്നതാണ്.'' ഞങ്ങളുടെ വ്യസനത്തോടുകൂടിയ പ്രാർത്ഥകൾ അല്ലാഹുവിൽ എത്തുമോ എന്ന സന്ദേഹത്തിൽ നിങ്ങൾ അകപ്പെടാതിരിക്കുക. അല്ലാഹു പറയുന്നു. ''ഞാൻ നിങ്ങളുടെ വളരെ സമീപസ്ഥനാണ്.''ഞാൻ ഓതിയ ആയത്തിൽ അല്ലാഹു പറയുന്നതിതാണ്. നിഷ്കപടമായ രീതിയിൽ ഒരു ദാസൻ ദുആ ചെയ്യുമ്പോൾ അവന്റെ പ്രാർത്ഥനക്ക് ഉത്തരം നാം നൽകുന്നു. എത്രമാത്രം അടുത്താണ് ഞാൻ. എന്നാൽ ഒരു നിബന്ധനയുണ്ടെന്ന് മാത്രം. നിങ്ങൾ തുടങ്ങിയിരിക്കുന്ന ഈ സങ്കടത്തോടു കൂടിയുള്ള പ്രാർത്ഥന തുടർന്നു കൊണ്ടേപോകണം. എന്റെ കൽപനകളെ നിങ്ങൾ പാലിക്കുകയും വേണം. ഞാൻ പറയുന്ന കാര്യങ്ങൾക്ക് ലബ്ബൈക്ക് പറയണം. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു.''ദുആ സ്വീകരിക്കുന്നതിനുള്ള കാലയളവ് നമ്മിൽ ചിലപ്പോൾ പരീക്ഷണത്തിനുമേൽ പരീക്ഷണങ്ങൾ വരുന്നു. ചില പരീക്ഷണങ്ങൾ ആകെ തകർത്തുകളയുന്നു. എന്നാൽ സ്ഥിരചിത്തതയും സദ്പ്രകൃതക്കാരുമായവർ ഇങ്ങനെയുള്ള പരീക്ഷണഘട്ടങ്ങളിലും പ്രയാസങ്ങളിലും തന്റെ നാഥന്റെ സഹായത്തിനെ നറുമണം ആസ്വദിക്കുന്നു. ഇതിനുശേഷം ദൈവിക സഹായം വരുമെന്ന് ഉൾക്കാഴ്ച്ചയിലൂടെ അവർ തിരിച്ചറിയുന്നു.''

ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നത്, അവർ സഹായത്തിന്റെ നറുമണം ആസ്വദിക്കുന്നു എന്നാണ്. നാം ജമാഅത്തീ നിലയിൽ ഈ എതിർപ്പുകൾക്കും പരീക്ഷണങ്ങൾക്കും ശേഷം വെറും നറുമണം നുകരുക മാത്രമല്ല ചെയ്യുന്നത്. അതിന്റെ ഫലങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. നാം നമ്മുടെ ഓരോ ജീവിത ത്യാഗത്തിലും ശഹാദത്തിലും ദു:ഖിക്കുന്നു. അനുശോചനം അറിയിക്കുകയും ചെയ്യുന്നു. അതിൽ നമുക്ക് പ്രയാസമുണ്ട്. എന്നാൽ ഈ ശഹാദത്തുകളും ത്യാഗങ്ങളും അല്ലാഹുവിന്റെ സവിധത്തിൽ സ്വീകരിച്ചുകൊണ്ട് ജമാഅത്തിന് ഫലങ്ങളാൽ നിറച്ചുകൊണ്ടിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു: ''ഈ പരീക്ഷണങ്ങൾ വരുന്നതിനുള്ള ഒരു കാരണം ഇതുമുഖേന പ്രാർത്ഥനയിൽ പ്രത്യേക ആവേശം ഉണ്ടാകുന്നു. കാരണം വ്യസനവും പ്രയാസവും അതികരിക്കുന്നതനുസരിച്ച് ആത്മാവിൽ ഭക്തിസാന്ദ്രമായ അന്തരീക്ഷം ഉണ്ടായിത്തീരുന്നതാണ്. ഇത് ദുആ സ്വീകാര്യതയിൽ പെട്ട കാര്യങ്ങളാണ്. അത്കൊണ്ട് ഒരിക്കലും ഭീരുക്കളാകരുത്. അക്ഷമ പ്രകടിപ്പിക്കരുത്. എന്റെ ദുആ സ്വീകരിക്കുകയില്ലെന്നും സ്വീകരിക്കപ്പെട്ടില്ലെന്നും ഒരുക്കലും കരുതരുത്. അങ്ങനെയുള്ള ധാരണ അല്ലാഹുവിന്റെ ദുആ സ്വീകരിക്കുന്നവനാണെന്ന ഗുണത്തിന് വിരുദ്ധമായിരിക്കും. തന്റെ ദുആ സ്വീകരിക്കപ്പെട്ടില്ലെന്ന് കരുതുകയാണെങ്കിൽ അല്ലാഹുവിന്റെ ഒരു സിഫത്തിനെ നിഷേധിക്കുന്നവരായി നിങ്ങൾ മാറുന്നതാണ്.

അതുകൊണ്ട് ഇന്ന് പാക്കിസ്ഥാനീ അഹ്മദികളെക്കാളും കൂടുതൽ, മറ്റു നാടുകളിൽ കഷ്ടതകൾ സഹിക്കുന്ന അഹ്മദികളെക്കാളും കൂടുതൽ, ആർക്കാണ് ഈ വ്യസനവും ബുദ്ധിമുട്ടുകയും ചെയ്യുന്ന അവസ്ഥയെ ശരിക്കും മനസ്സിലാക്കാൻ സാധിക്കുക. അതുകൊണ്ട് അസ്വസ്ഥതകൾ അധികരിക്കുമ്പോൾ പ്രാർത്ഥന സ്വീകാര്യതയുടെ അവസ്ഥ സംജാതമാകുന്നു. വാഗ്ദത്ത മസീഹിന്റെ പവിത്രമായ നാട്ടിൽ ജൽസയിൽ പങ്കെടുക്കുവാൻ സൗഭാഗ്യം ലഭിച്ച എല്ലാ പാക്കിസ്ഥാനീ അഹ്മദികളോടും പറയാൻ ആഗ്രഹിക്കുന്നത് നിങ്ങൾ നിങ്ങളുടെ അസ്വസ്ഥതകളെയും സങ്കടങ്ങളെയും കണ്ണുനീരിൽ പരിവർത്തിപ്പിക്കാൻ കഴിവതും പ്രയത്നിക്കുക. തുടർന്ന് അത് ജീവിതത്തിന്റെ ഒരു ഭാഗമാക്കിമാറ്റാൻ ശ്രമിക്കുക. അങ്ങനെ യഥാർത്ഥ വിപ്ലവം സംജാതമാകുന്നവരായി നിങ്ങൾ മാറുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ മറ്റൊരു ഉദ്ധരിണികൂടി കേൾപ്പിക്കുന്നു. പറയുന്നു. ''ലോകത്ത് ഒരു പ്രവാചകനും തന്നെ പ്രാർത്ഥനയുടെ അദ്ധ്യാപനം നൽകാതെ വന്നിട്ടില്ല. ദുആയെന്നത് ഉബൂദിയത്തും റുബൂബിയത്തും തമ്മിൽ ബന്ധം സ്ഥാപിക്കുന്നു. ഈ മാർഗ്ഗത്തിലേക്ക് പദമൂന്നുന്നവർ അവരുടെ പ്രയാസങ്ങളെയും പരീക്ഷണങ്ങളെയും എളുപ്പമാക്കി മാറ്റുന്നു. സ്ഥിരതയോടുകൂടി നിരന്തരം അല്ലാഹുവിനോട് പ്രാർത്ഥിച്ചുകൊണ്ടേ ഇരിക്കുകയാണെങ്കിൽ അവൻ പരിവർത്തന വിധേയനായി പുതിയ ഒരു മനുഷ്യനായിത്തീരുന്നു. അവന്റെ ആത്മീയ അശുദ്ധതയെല്ലാം ദൂരീകരിക്കപ്പെട്ട് അവന് ആശ്വാസവും ആനന്ദവും പ്രധാനം ചെയ്യപ്പെടുന്നു. നാനാതരം ദുർധാരണയിൽ നിന്നും ആത്മ പ്രകടനത്തിൽ നിന്നും സ്വതന്ത്രനായിക്കൊണ്ട് അവന്റെ മാർഗ്ഗത്തിൽ വരുന്നു. എല്ലാ പ്രയാസങ്ങളും മറ്റുള്ളവർ സഹിക്കില്ല. സഹിക്കാൻ സാധ്യവുമല്ല. ഇവർ ദൈവം പ്രീതിപ്പെടട്ടെ എന്ന ഒരേഒരു കാരണം കൊണ്ടാണ് സഹിക്കുന്നത്. അപ്പോൾ റഹ്മാനും റഹീമുമായ ദൈവം അവനിൽ കാരുണ്യദൃഷ്ടി പതിപ്പിക്കുകയും അങ്ങനെ ആ വ്യക്തിയുടെ എല്ലാ കഷ്ടതകളും വേദനകളും ആനന്ദത്തിൽ പരിവർത്തിപ്പിക്കുകയും ചെയ്യുന്നു. *അല്ലാഹുതആല നമുക്ക് ഈ രീതിയിൽ ദുആ ചെയ്യാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടുമാറാകട്ടെ. നമ്മുടെ മാനസിക ദുഖങ്ങൾ ദൂരീകരിക്കുമാറാകട്ടെ. അവയെല്ലാം ആനന്ദത്തിൽ പരിവർത്തിപ്പിക്കുമാറാകട്ടെ. അല്ലാഹുവിന്റെ സ്നേഹദൃഷ്ടി എപ്പോഴും പതിച്ചുകൊണ്ടിരിക്കുന്നവരുടെ ഗണത്തിൽ നമ്മെ അവൻ ഉൾപ്പെടുത്തുമാറാകട്ടെ.*

ഇന്നും ദുഖകരമായ ഒരു വാർത്തയുണ്ട്. മർദാനിൽ നമ്മുടെ ഒരു യുവാവിനെ ഇന്നലെ ശഹീദാക്കുകയുണ്ടായി. ശൈഖ് ഉമർ ജാവേദ് സാഹിബിനെയാണ് ശഹീദാക്കിയത്. ശൈഖ് ജാവേദ് അഹ്മദ് സാഹിബാണ് പിതാവ്. പിതാവിന്റെയും പിതൃസഹോദരപുത്രൻ ശൈഖ് യാസർ മഹ്മൂദ് സാഹിബ് ഇദ്ദേഹം ശൈഖ് മഹ്മൂദ് അഹ്മദ് സാഹിബ് ശഹീദിന്റെ മകനാണ്. ഇവർ മൂന്നുപേരും തങ്ങളുടെ കടയടച്ച് വൈകുന്നേരം ആറേ മുക്കാലിന് കാറിൽ വീട്ടിലേക്ക് വരികയായിരുന്നു. മോട്ടർ സൈക്കിളിൽ ഘാതകർ പിന്തുടരുകയും അവരെ തുരുതുരാ വെടിവെക്കുകയും ചെയ്തു. ശഹീദായ ഉമർ മഹ്മൂദ് സാഹിബ് പിൻസീറ്റിലാണ് ഇരുന്നത്. അദ്ദേഹത്തിന്റെ ശിരസ്സിനും തോളിനുമാണ് വെടിയേറ്റത്. അദ്ദേഹം സംഭവസ്ഥലത്ത് വെച്ച്തന്നെ ശഹീദായി. മുൻസീറ്റിലിരുന്ന പിതാവും ശൈഖ് ജാവേദ അഹ്മദ് സാഹിബിനും കൈക്കാണ് വെടിയേറ്റത്. അവർക്ക് പരിക്കേൽക്കുകയുണ്ടായി. ഡ്രൈവ് ചെയ്തിരുന്ന യാസർ മഹ്മൂദ് സാഹിബിന് ഗ്ളാസിന്റെ കഷ്ണം കൈക്ക് കൊണ്ട് മുടിവേൽക്കുകയും ചെയ്തു. മുറിവേറ്റവർക്ക് പ്രാഥമിക ചികിത്സ നൽകി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തിട്ടുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ സുഖത്തിലാണ്. *അല്ലാഹു അവരെ എല്ലാതരം പ്രയാസങ്ങളിൽ നിന്നും രക്ഷിക്കട്ടെ. അവർക്ക് പൂർണ്ണ സുഖം നൽകുമാറാകട്ടെ.* പതിനേഴോ പതിനെട്ടോ വെടിയുണ്ടകളുടെ അടയാളം വണ്ടിയിൽ കാണാവുന്നതാണ്. കുറ്റവാളികൾ ഓടിമറഞ്ഞു. മുഖ്യമന്ത്രിയുടെ പിതാവ് മഹ്മൂദ് അഹ്മദ് സാഹിബ് മുറിവേറ്റവരെ കാണാൻ വരികയും ആശുപത്രി ഉദ്യോഗസ്ഥരോട് ചികിത്സക്ക് വേണ്ടി പ്രത്യേകം ശ്രദ്ധ ചെലുത്താൻ നിർദ്ദേശിക്കുകയും ശഹീദിന്റെ വീട്ടിൽ അനുശോചനം അറിയിക്കുവാൻ വരികയും ചെയ്തു.

ഈ കുടുംബത്തിൽ ശൈഖ് നിയാസുദ്ദീൻ സാഹിബ് 1907ലാണ് ബൈഅത്ത് ചെയ്തത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബിയായിരുന്നു. ശഹീദിന്റെ ഉപ്പാപ്പ ശൈഖ് നദീർ അഹ്മദ് സാഹിബ് 1932ൽ ഖലീഫത്തുൽ മസീഹ് സാനിയുടെ കാലത്താണ് ബൈഅത്ത് ചെയ്തത്. ഇവരെകുറിച്ച് ഞാൻ നേരത്തെ പറഞ്ഞതാണ്. ഈ കുടുംബത്തിൽ ഇതിനുമുമ്പും ശഹാദത്ത് നടന്നിട്ടുണ്ട്. മർദാൻ പള്ളിയിൽ ഒരു ആത്മഹത്യാ സ്ഫോടനം നടത്തിയപ്പോൾ ശഹീദിന്റെ സഹോദരപുത്രൻ

ശഹീദായിരുന്നു. ഇതിനുശേഷം ഇദ്ദേഹത്തിന്റെ പിതൃസഹോദരൻ ശൈഖ് മഹ്മൂദ് അഹ്മദ് സാഹിബിനെ 8/11/2010 ഇൽ ശത്രുക്കൾ ശഹീദാക്കിയിരുന്നു. അദ്ദേഹത്തിന്റെ മകന് മുറിവേൽക്കുകയും ചെയ്തിരുന്നു. 1974ലും ഇവരുടെ കുടുംബത്തിലെ ഒരാൾ ശഹീദാക്കപ്പെട്ടിട്ടുണ്ട്. 1974 മുതൽ ഈ കുടുംബത്തിൽ ശഹാദത്തിന്റെ പരമ്പര നടന്നുവരികയാണ്. എന്നാലും ഇവർ നാനാതരം പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് മുന്നേറിക്കൊണ്ടിരിക്കുകയാണ്. കുടുംബം ഒന്നടങ്കം ഇതിനെയല്ലാം നേരിട്ടുകൊണ്ടിരിക്കുന്നു. ഞാൻ ഈ കുടുംബത്തിനോട് സംസാരിച്ചിരുന്നു. കഴിഞ്ഞ ശഹാദത്തിൽ ഇദ്ദേഹത്തോടു സംസാരിച്ചിട്ടുണ്ടാകും. എല്ലാവരുംതന്നെ വളരെ ധൈര്യത്തോടും ആത്മനിയന്ത്രണത്തോടുകൂടിയാണ് പ്രതികരിച്ചത്. ശഹീദിന്റെ പിതൃസഹോദരനും അവരുടെ കുടുംബാംഗങ്ങളും ഇരുപതോളം കേസുകളിൽ അകപ്പെട്ടിട്ടുണ്ട്. ഹസീരാനെ രാഹെ മൗല യുമായിട്ടുണ്ട്. ശഹീദിന്റെ രണ്ട് പിതൃ സഹോദരന്മാരെ ഒരു കേസ്സിൽ 56 വർഷ തടവ് വിധിച്ചിരുന്നു. ഒരു കുറ്റത്തിനു പരമാവധി നൽകാവുന്ന ശിക്ഷ തന്നെ 3 വർഷമായിരുന്നു. ഹൈക്കോർട്ട് പിന്നീട് അവരെ കുറ്റമുക്തമാക്കുകയാണ് ചെയ്തത്. ഇവർ റബ്വയിൽ വരാറുണ്ടായിരുന്നു. ഇവർ ബിസിനസ്സ് നടത്തിക്കൊണ്ടിരിക്കുകയാണ്. അവരുടെ ഷോപ്പിൽ ബോംബ് സ്ഫോടനം നടത്തിയിരുന്നു. ഇദ്ദേഹം തന്റെ എളാപ്പയോടൊപ്പം ബിസിനസ്സിൽ പങ്കാളിയായിരുന്നു. നാസിം ഖിദ്മത്തെ ഖൽക്ക്, മർദാൻ ജില്ലാ മുഹാസിബ് എന്നീ പദവികളിൽ സേവനമനുഷ്ടിച്ചിട്ടുണ്ട്. ഇവര് കഴിവതും സൂക്ഷമത പുലർത്തിയിരു ന്നു. കഴിവതും വൈകുന്നേരം തന്നെ കടയടച്ച് വരാനും ഞാൻ പറയാറുണ്ടായിരുന്നു. ഏതായിരുന്നാലും ഇവർ വരുന്ന വഴിക്ക് വീട്ടിനടുത്ത് വെച്ച് വെറും 400 അടി മാത്രം ദൂരം ബാക്കിയുള്ളപ്പോഴാണ് വെടി ഉതിർന്നത്. അങ്ങനെ അദ്ദേഹം ശഹീദായി. രണ്ട് വർഷം മുമ്പാണ് കല്ല്യാണം നടന്നത്. ഇദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാണ്. പ്രസവിക്കാനടുത്തിരിക്കുകയാണ്. *അല്ലാഹു അവർക്ക് പൂർണ്ണ ആരോഗ്യം നൽകുമാറാകട്ടെ. എല്ലാതരം പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. ശഹീദിന്റെ പദവികൾ അല്ലാഹു ഉയർത്തുമാറാകട്ടെ. കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാതികൾക്കും ക്ഷമയും സഹനവും പ്രദാനം ചെയ്യുകയും ചെയ്യുമാറാകട്ടെ.* നമസ്കാരത്തിനു ശേഷം അദ്ദേഹത്തിന്റെ ജനാസ ഗായിബ് ഞാൻ നമസ്കരിക്കുന്നതാണ്.

**PRINTED BOOKS**

**To**

**From**
**Incharge Khutba Section**
**Ahmadiyya Mission House**
**K.N.Road Karapparamba Calicut -10**

**HADHRAT MIRZA MASROOR AHMAD**
**KHALIFATUL MASIH - V**
**on 24 - 12 - 2010 at London**

**വിവർത്തനം**
എം. നാസിർ അഹ്മദ് കൊടിയത്തൂർ
മുബല്ലിഗ് എറണാകുളം, **PHONE : 9497343704**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : **Majlis Khuddamul Ahmadiyya, Kerala**